## അദ്ധ്യായം ൪

# ശരിയായ തുടക്കം

**(Beginning Rightly)**

വചനപ്രകാരം, കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന വനാണ് ഒരു ശിഷ്യൻ. അവൻ വചനത്തിൽ വേരൂന്നി വളരുന്നവനും പ ാപത്തിൽനിന്ന് പൂർണ്ണ സ്വാതന്ത്ര്യം ലഭിച്ചവനുമായിരിക്കും. അവൻ ക്രിസ്തുവിന്റെ കല്പനകളെ അനുസരിക്കുന്നവനും, സ്വന്ത കുടുംബത്തെ ക്കാളുപരി ക്രിസ്തുവിനെ സ്നേഹിക്കുന്നവനും ആയിരിക്കും. തന്റെ സുഖസൗകര്യം, സമ്പത്ത്, ഇവയെക്കാൾ അധികം തന്റെ ജീവിതത്തിലൂടെ യേശുവിന്റെ സ്നേഹത്തെ പ്രകടിപ്പിക്കുന്നവനുമായിരിക്കും. യേശുവിന്റെ ശിഷ്യന്മാർ പരസ്പരം സ്നേഹിക്കുന്നവരും പ്രായോഗിക ജീവിതത്തിൽ ഈ സ്നേഹത്തെ പ്രകടിപ്പിക്കുന്നവരുമാണ്. അവർ ഫലം കായിച്ചു കൊേ യിരിക്കും.[2] ഇവരെയാണ് യേശുവിന് ആവശ്യം.

യേശുവിന്റെ ശിഷ്യനല്ലാത്ത ഒരുവന് യേശുവിനുവേി ശിഷ്യന്മാരെ നേടാൻ കഴിയുകയില്ല. നാം യേശുവിന്റെ ശിഷ്യന്മാരാണ് എന്ന് ഉറപ്പുവരുത്തിയശേഷമേ യേശുവിനു വേി ശിഷ്യന്മാരെ നേടാനുള്ള ശ്രമം ആരംഭിക്കാൻ പാടുള്ളു. പലശുശ്രൂകന്മാരും ഇക്കാര്യത്തിൽ കുറവുള്ളവരായി കാണപ്പെടുന്നു. അങ്ങിനെയുള്ളവർക്ക് ശിഷ്യന്മാരെ നേടുവാൻ കഴിയുകയില്ല. അവർ ശ്രമിക്കാതിരിക്കുന്നത് നന്ന്. യഥാർത്ഥശിഷ്യന്മാരെ നേടുവാനുള്ള ശ്രമത്തിന്റെ പിന്നിലെ കഷ്ടതയെ അതിജീവിക്കുവാൻ അവർക്ക് കഴിയുകയില്ല. എനിക്ക് പറയുവാനുള്ളത്: നിങ്ങൾ കർത്താവിന്റെ കല്പനകൾ അനുസരിച്ച് യേശുവിന്റെ ശിഷ്യന്മാർ എന്ന പദവി തുടക്കത്തിൽതന്നെ നേടുക. മറ്റെന്തു സമർപ്പണമുങ്കെിലും നിങ്ങൾക്ക് ഒരു ശിഷ്യനാകാൻ കഴിയുകയില്ല. ഇനി കാത്തിരുന്നിട്ടുകാര്യമില്ല! ഇപ്പോൾതന്നെ മുട്ടുമടക്കി അനുതപിക്കുക! കാരുണ്യത്തിന്റെ കലവറ നിങ്ങൾക്കായി തുറക്കപ്പെടും. നിങ്ങൾക്ക് ക്ഷമ ലഭിക്കും. നിങ്ങൾ പുതിയ സൃഷ്ടികളായിത്തീരും.

### ശിഷ്യത്വത്തിന്റെ പുനർനിർവ്വചനം
**(Redefining Discipleship)**

ശിഷ്യത്വത്തിന്റെ വ്യക്തമായ നിർവ്വചനം യേശു നൽകിയിട്ടുങ്കെിലും, പലരും അത് പാലിക്കാതെ പകരം സ്വന്തം നിർവ്വചനം കത്തെി

[2] . ഈ നിർവചനം മത്തായി 28: 18-20 യോഹ 8:25, 15:8 ലൂക്കോ 14:25-33 ഈ ഭാഗങ്ങളിൽ നിന്ന് എടുത്തതാണ്.

ശിഷ്യന്മാരെന്ന വ്യാജേന തുടരുകയാണ്. ഉദാഹരണത്തിന്, ക്രിസ്തീയ ജീവിതം നയിക്കുന്ന ഏതൊരു വ്യക്തിയും യേശുവിന്റെ ശിഷ്യന്മാരാണെന്ന് ചിലർ കരുതുന്നു. ഇവരെ സംബന്ധിച്ചിടത്തോളം ശിഷ്യൻ എന്ന പദം വേദപുസ്തകം നൽകുന്ന എല്ലാ അർത്ഥങ്ങളേയും ലംഘിച്ചിരിക്കുകയാണ്.

സ്വമേധയാ തിരഞ്ഞെടുക്കുവാനുള്ള ഒരവകാശമാണ് ശിഷ്യത്വമെന്നു വിശ്വസിക്കുന്ന ഒരു കൂട്ടരു്. യേശുവിന്റെ ശിഷ്യരാകണമെന്നില്ല സ്വർഗ്ഗരാജ്യത്തിനവകാശിയായി യേശുവിന്റെ ഒരു ഉത്തമ വിശ്വാസിയാൽ മതിയെന്നു കരുതുന്നവരും ു്. രക്ഷിക്കപ്പെട്ട ഒരുവന് ആവശ്യമായ യോഗ്യതകൾ വചനത്തിൽ വിവരിച്ചിട്ടു്. രുതരം വിശ്വാസികളു് - യേശുവിൽ വിശ്വസിക്കുന്ന ഒരുകൂട്ടർ, ഇവർ വിശ്വാസികൾ ആണ്; മറ്റൊരുകൂട്ടർ ശിഷ്യന്മാർ, യേശുവിനെ വിശ്വസിക്കുകയും ജീവതം യേശുവിനായി സമർപ്പിക്കുകയും ചെയ്തവർ. ഈരീതിയിൽ നോക്കുമ്പോൾ വിശ്വാസികളുടെ എണ്ണം വളരെകൂടുതലും, ശിഷ്യന്മാരുടെ എണ്ണം വളരെ കുറവും ആണെന്നു കാണാം. എന്നാൽ ഇരു കൂട്ടരും സ്വർഗ്ഗരാജ്യത്തിന് അവകാശികൾ തന്നെ.

വിശ്വാസി-ശിഷ്യൻ ഇതിൻനിന്ന് ഒന്നു തെരഞ്ഞെടുക്കാനുള്ള അവകാശമുങ്കെിൽ വിശ്വാസി എന്ന പദവിയെ ഭൂരിപക്ഷവും തെരഞ്ഞെടുക്കുകയുള്ള. ശിഷ്യന്മാർ അല്ലാത്തവർക്കും സ്വർഗ്ഗരാജ്യത്തിന്റെ അവകാശം ലഭിക്കുമെന്ന് ഉറപ്പുങ്കെിൽ ഭൂരിഭാഗം വ്യക്തികളും ശിഷ്യത്വം ഉപേക്ഷിച്ച്, വിശ്വാസി എന്ന പദവി തെരഞ്ഞെടുക്കും.

നാം പ്രധാനപ്പെട്ട ചില ചോദ്യങ്ങൾക്ക് മറുപടി നൽകേിയിരിക്കുന്നു. യേശുക്രിസ്തുവിന്റെ ശിഷ്യനായിരിക്കാതെ സ്വർഗ്ഗരാജ്യത്തെ വാഞ്ചിക്കുന്ന ഒരു വിശ്വാസിയായിരിക്കാൻ വചനം നമ്മെ പഠിപ്പിക്കുന്നുോ? സ്വന്തം താത്പര്യം അനുസരിച്ചു ഒരു വിശ്വാസിക്ക് തെരഞ്ഞടുക്കാവുന്ന ഒന്നാണോ ശിഷ്യത്വം? അർപ്പണമുള്ള ശിഷ്യന്മാരെന്നും, അർപ്പണമില്ലാത്ത അവിശ്വാസികളെന്നും രുതരം ക്രിസ്ത്യാനികൾ ഉോ?

ഈ ചോദ്യങ്ങൾക്കെല്ലാംകൂടി ഒരു മറുപടിയേയുള്ളു. **ഇല്ല**. വിശ്വാസികളെന്നും, ശിഷ്യന്മാരെന്നും 2 തരം ക്രിസ്ത്യാനികളുന്ന്െ പ ുതിയ നിയമം പഠിപ്പിക്കുന്നില്ല. അപ്പോസ്തലപ്രവർത്തികളിൽ ശിഷ്യന്മാരെക്കുറിച്ച് ആവർത്തിച്ച് എഴുതപ്പെട്ടിരിക്കുന്നു. ഇത് ഉന്നത നിലവാരവും, സമർപ്പണവുമുള്ള വിശ്വാസി സമൂഹത്തെക്കുറിച്ചല്ല പറയുന്നത്. യേശുവിൽ വിശ്വസിക്കുന്ന ഏതൊരുവനും ശിഷ്യനാണ്.[3] യഥാർത്ഥത്തിൽ

---

3 . ശിഷ്യന്മാരെക്കുറിച്ച് അപ്പോസ്തലപ്രവർത്തി 6:1, 2, 7; 9:1, 10, 19, 25, 26, 36, 38; 11: 26, 29; 13:52, 14:20, 21, 22,28; 15:10, 16:1, 18:23, 27; 19:1, 9, 30; 20:1, 30; 21:4, 16 എന്നീ വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. *വിശ്വാസികളെക്കുറിച്ച്* അപ്പോസ്തലപ്രവർത്തി 5:14, 10:45, 16:1 എന്നീ വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. ഉദാഹരണത്തിനായി അ:പ്ര. 14:21ൽ ലൂക്കോസ് എഴുതി അതിനുശേഷം അവർ (പൗലോസും ബർന്നബാസും) ആ പട്ടണത്തിൽ സുവിശേഷം പ്രസംഗിക്കുകയും അനേകരെ ശിഷ്യന്മാരാക്കുകയും ചെയ്തു.

യേശുവിന്റെ ശിഷ്യന്മാരെയാണ് അന്ത്യോക്ക്യയിൽവച്ച് ആദ്യം ക്രിസ്ത്യാനികൾ എന്നുവിളിച്ചത്.

അവർ ഒരു സംവത്സരം മുഴുവനും സഭായോഗങ്ങൾ കൂടുകയും ബഹുജനത്തെ ഉപദേശിക്കുകയും ചെയ്തു. അന്ത്യോക്ക്യയിൽ വച്ച് ശിഷ്യന്മാർക്ക് ക്രിസ്ത്യാനികൾ എന്നപേർ ഉായി (അ:പ്ര: 11:26)

ശിഷ്യൻ (Mathetes) എന്ന് ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്ന ഗ്രീക്ക് പദം പുതിയ നിയമത്തിൽ 261 പ്രാവശ്യം കാണാം എന്നാൽ വിശ്വാസി (Pistos) എന്ന് ഭാഷാന്തരം ചെയ്തിട്ടുള്ള ഗ്രീക്കുപദം 9 പ്രാവശ്യം മാത്രമേ ഉള്ളു. (**വിശ്വാസി** ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് പതിപ്പ്). ക്രിസ്ത്യാനി (Christianos) എന്ന് ഭാഷാന്തരം ചെയ്തിരിക്കുന്ന ഗ്രീക്ക്പദം മൂന്നു പ്രാവശ്യമേ പ്രതിപാദിച്ചിട്ടുള്ളു. യേശുവിനെ വിശ്വസിച്ചിരുന്ന ആദിമസഭയിലെ വിശ്വാസികളെ ശിഷ്യന്മാരായി കണക്കാക്കിയിരുന്നു എന്നുമനസ്സിലാക്കാൻ ഈ പ്രതിപാദ്യങ്ങൾ മാത്രം മതി.

## യേശുവിന്റെ ഭാഷ്യം
## (Jesus' Commentary)

ശിഷ്യത്വം വിശ്വാസികളുടെ ഒരു രാംതരം തെരഞ്ഞെടുപ്പാണെന്ന് യേശു ഒരിക്കലും കരുതുന്നില്ല. ലൂക്കോസ് 14ൽ ശിഷ്യത്വത്തെക്കുറിച്ചുള്ള മൂന്ന് ആവശ്യകതകൾ കാണാം വിശ്വാസികളെ ഉന്നതമായ ഒരു നിലവാരത്തിലേക്ക് ഉയിർത്താനുള്ള ഒരു ക്ഷണമല്ല, ജനകൂട്ടത്തിൽനിന്നും ഒരോരുത്തരേയും മാടിവിളിക്കുന്ന യേശുവിന്റെ ക്ഷണമാണ്. ദൈവവുമായുള്ള ബന്ധത്തിന്റെ ആദ്യ ചുവടാണ് ശിഷ്യത്വം എന്ന് യോഹ: 8ൽ നാം വായിക്കുന്നു.

> തന്നിൽ **വിശ്വസിച്ച യഹൂദന്മാരോട്** യേശു: എന്റെ വചനത്തിൽ നിലനല്ക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. (യോഹ 8: 31-32).

തന്റെ ശിഷ്യന്മാരായിത്തീരുക - എന്നു യേശു ഉത്ബോധിപ്പിച്ചത് പുതുവിശ്വാസികളോടാണ്. ഇതിന് തർക്കമില്ല. ഭാവിയിൽ പുതുതീരുമാനവും സമർപ്പണവും എടുത്ത് നിങ്ങൾ എന്റെ ശിഷ്യന്മാരായിത്തീരേവരുമെന്ന് യേശു പുതുശിഷ്യന്മാരോടു പറഞ്ഞില്ല. യേശു പുതുവിശ്വാസികളെ ശിഷ്യന്മാരായിത്തന്നെ പരിഗണിച്ചാണ് അവരോടു സംസാരിച്ചത്; വിശ്വാസി, ശിഷ്യൻ ഇത് പരസ്പരപൂരകമായ പദങ്ങളാണ്. യേശുവിന്റെ വചനത്തിൽ

---

സുവിശേഷം പ്രസംഗിച്ചാണ് പൗലോസും ബർന്നബാസും ശിഷ്യന്മാരെ നേടിയത്, സുവിശേഷം കേട്ട ഉടൻ അവർ മനം തിരിഞ്ഞു ശിഷ്യന്മാരായി മറ്റൊരു സമയത്തേക്ക് നീക്കിവച്ചില്ല.

വസിക്കുക എന്നതാണ് യേശുവിന്റെ ശിഷ്യനാകാനുള്ള വഴി, തന്മൂലം അവർക്ക് പാപത്തിൽനിന്നും പൂർണ്ണമോചനവും ലഭിക്കും.

ഒരു വിശ്വാസിയുടെ പദവിയിൽ ആയിരിക്കുക എന്നത് ഒരിക്കലും വിശ്വാസത്തിന്റെ അളവുകോലല്ല. യേശു ദൈവപുത്രനെന്നു വിശ്വസിക്കുകയും പ്രവർത്തിയിൽ അവനെ അനുകരിക്കുകയും ചെയ്യുന്നവൻ അവന്റെ ശിഷ്യനായിത്തീരുകയും അവനെ അനുസരിച്ചു അവനെ സ േന്താഷിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യും. ഇങ്ങനെയുള്ള വിശ്വാസികൾ/ശിഷ്യന്മാർ യേശുവിന്റെ വചനത്തിൽ വസിച്ച് കല്പനകൾ പ ഠിക്കുന്നത് യേശുവിന്റെ ഇച്ഛയാണെന്നv അറിയുകയും ക്രമേണ പാപത്തിൽന ിന്നു പൂർണ്ണമായി വിടുതൽ പ്രാപിക്കുകയും ചെയ്യും.

നിങ്ങൾ എന്റെ യഥാർത്ഥ ശിഷ്യന്മാർ ആകുന്നു എങ്കിൽ പ ുതുവിശ്വാസികളോടുള്ള യേശുവിന്റെ ഈ കല്പന അവർ യഥാർത്ഥ ശിഷ്യന്മാർ ആകാതെ നാമധേയ ശിഷ്യന്മാർ ആയിരിക്കുവാൻ അവസരമു് എന്ന് സൂചിപ്പിക്കുന്നു. അവർ സ്വയം വിഡ്ഢികളാകുകയാണ്. ഈ പ രീക്ഷയിൽ വിജയിച്ചാൽ മാത്രമേ അവർ യേശുവിന്റെ യഥാർത്ഥ ശിഷ്യന്മാരാണെന്ന് ഉറപ്പുവരുത്തുവാൻ കഴിയുകയുള്ളു. (യോഹ. 8:37 –59വരെയുള്ള വാക്യങ്ങളിൽ നിന്നും യേശുവിന് ശിഷ്യന്മാരുടെ ആത്മാർത്ഥതയിൽ സംശയം ഉായിരുന്നു എന്നു മനസ്സിലാക്കാം.[4]

ശിഷ്യന്മാരെന്നാൽ സമർപ്പണമുള്ള ഒരു പ്രത്യേക വിഭാഗത്തിന്റെ കൂട്ടമാണ് എന്ന ധാരണ ശരിയല്ലായെന്ന് മത്തായി 28:18–20 വരെയുള്ള ആണി വാക്യങ്ങൾ വ്യക്തമാക്കുന്നു. ശിഷ്യന്മാർ സ്നാനപ്പെടണം എന്ന് യേശു തന്റെ ദൗത്യത്തിൽ കല്പിച്ചിരിക്കുന്നു. വിശ്വാസികൾ കർത്താവിനായി തങ്ങളെത്തന്നെ സമർപ്പിക്കുന്ന ഒരു രാംഘട്ടത്തിലേക്ക് എത്താൻ വേി അപ്പോസ്തലന്മാർ കാത്തുനിന്നില്ലായെന്ന് അപ്പോസ്തലപ്രവർത്തികളിൽ രേഖപ്പെടുത്തിയിക്കുന്നു. പിന്നെയോ വിശ്വസിച്ചവരെ എല്ലാം അവർ മാനസാന്തരപ്പെട്ടപ്പോൾതന്നെ സ്നാനപ്പെടുത്തിയതായി കാണുന്നു. യഥാർത്ഥവിശ്വാസികളെല്ലാം ശിഷ്യന്മാരാണ് എന്ന് അപ്പോസ്തലന്മാർ വിശ്വസിച്ചിരുന്നതാണ് ഇതിനുകാരണം.

വിശ്വാസികളുടെ ഒരു പ്രത്യേക വിഭാഗമാണ് ശിഷ്യന്മാർ എന്ന് വിശ്വസിക്കുന്ന വിഭാഗം ഉ്. അവർ അവരുടെ പഠിപ്പിക്കലിൽ തന്നെ ഒതുങ്ങിന ിൽക്കുന്നില്ല. ഇക്കൂട്ടർ തന്നെ യേശുവിനെ വിശ്വസിക്കുന്ന ഒരുവനെ

---

4 . ഈ വചനഭാഗം പുതുതായി മാനസാന്തരപ്പെട്ടവരുടെ രക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നു. പുതുമാനസാന്തരികൾ പൂർണമായും രക്ഷകരസ്ഥമാക്കിയെന്ന് യേശു ഉറപ്പ് നൽകുന്നില്ല കാരണം അവർ രക്ഷയെ സ്വീകരിക്കാൻ നാമമാത്രമായ ഒരു പ്രാർത്ഥനയോ, വശ്വാസമോ മാത്രമേ അവരിൽ ഉായിട്ടുള്ളു. അവരുടെ വിശ്വാസം വ്യക്തവും, നർവ്യാജമാണോ എന്ന് ശോധനചെയ്ത് അറിയണമെന്ന് യേശു ആഗ്രഹിച്ചു. ഈ മാതൃകതന്നെ നാമും പിൻപറ്റണം.

ശിഷ്യത്വം എന്ന പദവി പ്രാപിക്കാൻ വേ കാത്തിരിക്കാനോ വളരാനോ അനുവദിക്കാതെ അവരെ സ്നാനപ്പെടുത്തുന്നു. അവർ പ്രസംഗിക്കുന്നതും പഠിപ്പിക്കുന്നതും അനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നതെങ്കിൽ ശിഷ്യത്വത്തിന്റെ പദവിയിൽ എത്തുന്ന വിശ്വാസിയെ മാത്രമെ സ്നാനപ്പെടുത്തുവാൻ പാടുള്ളു. അങ്ങനെ ശിഷ്യത്വത്തിന്റെ പദവിയി ലെത്തുന്നവരോ വളരെ തുച്ഛമായിരിക്കും.

അംഗീകാരയോഗ്യമല്ലാത്ത ഈ ഹീനത്വത്തെ നിഷ്കരുണം ഒഴിവാക്കണം. ശിഷ്യന്മാർ വിശ്വാസികളിൽ നിന്നും തികച്ചും വ്യത്യസ്തമാണെങ്കിൽ സഹോദരന്മാരെ സ്നേഹിക്കുന്നതാണ് വീും ജനനം പ്രാപിച്ച വിശ്വാസിയുടെ ലക്ഷണമെന്ന് യോഹന്നാൻ എഴുതാൻ കാരണമെ ന്താണ്? (1 യോഹ 3:14 നോക്കുക). സഹോദരന്മാരെ സ്നേഹിക്കുന്നതാണ് തന്റെ യഥർത്ഥ ശിഷ്യന്മാരായിരിക്കുന്നവന്റെ ലക്ഷണമെന്ന് യേശു പറഞ്ഞു (യോഹ 13:35).

## അഹിതമായ ഈ തത്വത്തിന്റെ ഉത്പത്തി
## (The Origin of this False Doctrine)

ക്രിസ്ത്യാനികളെ ശിഷ്യന്മാർ, വിശ്വാസികൾ എന്ന് തരം തിരിക്കുന്ന ആശയം വചനാടിസ്ഥാനമല്ല. അതുകൊ് ഇതിന് നിലനില്ക്കാൻകഴിയുമോ?. രക്ഷയെകുറിച്ചുള്ള മറ്റൊരു തെറ്റായ സിദ്ധാന്തം ഇതിനെ പിന്താങ്ങുന്നു. രക്ഷകൃപയാലാണ് എന്ന തത്വവും ശിഷ്യത്വത്തിനുള്ള പ്രാഥമിക യോഗ്യതയും തമ്മിൽ പൊരുത്തപ്പെടുന്നില്ലായെന്ന് ഈ സിദ്ധാന്തം ആരോപിക്കുന്നു. ഈ തത്വത്തിന്റെ അടിസ്ഥാനത്തിൽ രക്ഷക്കാവശ്യമുള്ളതല്ല ശിഷ്യത്വത്തിന് വേത്. കൃപയാൽ രക്ഷിക്കപ്പെട്ട് സ്വർഗ്ഗരാജ്യത്തെകാംഷിക്കുന്ന ഒരു വിശ്വാസിയുടെ പദവിയാണ് ശിഷ്യത്വം. യേശു തന്റെ ശിഷ്യന്മാർക്ക് നിരവധി കല്പനകൾ കൊടുത്തതിനുശേഷം ഗിരിപ്രഭാഷണത്തിന്റെ അവസാന വേളയിൽ പറഞ്ഞതെന്താണ്?

> എന്നോടു കർത്താവേ, കർത്താവേ, എന്നു പറയുന്നവൻ ഏവരുമല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത് (മത്താ 7:21).

മറ്റു പലഇടങ്ങളിൽ എന്നപോലെ ഇവിടേയും അനുസരണയേയും രക്ഷയേയും പരസ്പരം യോജിപ്പിച്ചരിക്കുന്നതായി കാണാം. രക്ഷ കൃപയുടെ ഫലമാണ് എന്ന് എങ്ങനെ അനുമാനിക്കാം? വളരെ എളുപ്പം. ദൈവം തന്റെ അളവറ്റകൃപമൂലം ഒരുവന് അനുതപിക്കാനും, വിശ്വസിക്കാനും, വീുംജനനം പ്രാപിക്കാനും പരിശുദ്ധാത്മാവിൽ ശക്തിപ്പെടാനും അവസരം നൽകുന്നു. അതുകൊ് രക്ഷ കൃപമൂലമാണ് ലഭിക്കുന്നത്. കൃപയില്ലാതെ ആർക്കും രക്ഷിക്കപ്പെടാനാവില്ല കാരണം എല്ലാവരും പാപികളാണ്. പാപികൾക്ക് സ്വയം രക്ഷ പ്രാപിക്കാനാവില്ല. അതുകൊ് അവർക്ക് രക്ഷിക്കപ്പെടാൻ ദൈവകൃപ കൂടിയേ തീരു. നമ്മുടെ

രക്ഷയുമായി ബന്ധപ്പെട്ട് ദൈവത്തിന്റെ കൃപ പലവിധത്തിൽ വെളിപ്പെടുന്നു, യേശുവിന്റെ കുരിശു മരണം സുവിശേഷത്തിലൂടെ നമുക്ക് ലഭിച്ച ദൈവവിളി, ദൈവം ക്രിസ്തുവിലൂടെ നമുക്ക് തന്ന അടുപ്പം, നമ്മുടെ പാപത്തെ ബോധ്യപ്പെടുത്തൽ, അനുതപിക്കാൻ അവസരം തന്നത്, പുതുസൃഷ്ടിയാക്കി പരിശുദ്ധാത്മാവിനാൽ നിറയ്ക്കുന്നത്, നമ്മുടെ മേലുള്ള പാപത്തിന്റെ അധികാരത്തെ തകർക്കുന്നത്, വിശുദ്ധിയോടു ജീവിക്കുവാൻ നമ്മെ ശക്തീകരിക്കുന്നത്, പാപവഴികളിൽ നിന്ന് നമ്മെ സംരക്ഷിക്കുന്നത്, ഇങ്ങനെ അനേക വിധത്തിൽ ദൈവകൃപ നമ്മുടെമേൽ വെളിപ്പെട്ടുവരുന്നു. ഈ അനുഗ്രഹങ്ങളൊന്നും നാം സമ്പാദിച്ചവയല്ല. ആദിമുതൽ അവസാനം വരെ അവന്റെ കൃപ ഒന്നുകൊുമാത്രം രക്ഷ പ്രാപിച്ചവരാണ് നാം.

വചനപ്രകാരം ചിന്തിക്കുമ്പോൾ രക്ഷ കൃപമുഖാന്തിരം മാത്രമല്ല, വിശ്വാസവും ഇതിന്നാധാരമാണ്. കൃപമൂലമല്ലോ നീ വിശ്വാസം നിമിത്തം രക്ഷിക്കപ്പെട്ടിരിക്കുന്നത് (എഫേ 2:8a) രക്ഷക്ക് കൃപയും വിശ്വാസവും അത്യാവശ്യഘടകങ്ങളായിരിക്കുന്നു. ജനം രക്ഷിക്കപ്പെടാൻ കൃപയും വിശ്വാസവും വേണം. ദൈവം കൃപതരുന്നു. നാം നമ്മുടെ വിശ്വാസത്തിലൂടെ പ്രതികരിക്കുന്നു. ശരിയായ വിശ്വാസം ദൈവകല്പനയെ പ്രമാണിക്കുവാൻ നമ്മെ സഹായിക്കുന്നു. യാക്കോബ് അപ്പോസ്തലൻ തന്റെ ലേഖനത്തിന്റെ രാം അദ്ധ്യായത്തിൽ പറയുന്നു: പ്രവൃത്തിയിൽ ഇല്ലാത്ത വിശ്വാസം നിർജ്ജീവമാണ്, നിഷ്ഫലമാണ്, അത് രക്ഷക്ക് കാരണമാകയും ഇല്ല (യാക്കോ 2:14-26).[5]

ഒരുവന് പാപം ചെയ്യുവാനുള്ള ലൈസൻസ് അല്ല ദൈവകൃപ. പ ിന്നെയോ, പശ്ചാത്തപിച്ച് വീുംജനനം പ്രാപിക്കാനുള്ള ദൈവത്തിന്റെ ഔദാര്യമാണ്. ഈ അവസരം നഷ്ടപ്പെടുത്തിയാൽ തുടർന്നും അതു ലഭിക്കണമെന്നില്ല. അതുകൊ് ഒരുവന് രക്ഷിക്കപ്പെടാൻ ദൈവം നൽകുന്ന കൃപ തികച്ചും താല്കാലികമാണ്.

### കൃപയാൽ വിശ്വാസത്തിലൂടെ യേശുവിനാൽ രക്ഷ പ്രാപിച്ച ഒരുവൾ
### (A woman Whom Jesus Saved by Grace through Faith)

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട്, യേശുവിന്റെ മുൻപിൽ കൊുവന്ന സ്ത്രീയുടെ കഥയിൽ വിശ്വാസത്തിലുടെ കൃപയാൽ രക്ഷ പ്രാപിച്ചതിന്റെ വ്യക്തമായ ചിത്രം ദർശിക്കാം. ഞാനും നിന്നെ വിധിക്കുന്നില്ല, യേശു അവളോടു പറഞ്ഞു . (അത് കൃപയാകുന്നു. കാരണം അവൾ വിധിക്കപ്പെടേ വളായിരുന്നു). ഇനിമേലിൽ പാപം ചെയ്യരുത്. പൊയ്ക്കൊള്ളുക എന്ന് യേശു പറഞ്ഞു (യോഹ: 8:11).

---

[5] . അദ്ധ്വാനമില്ലാതെ, വിശ്വാസംമൂലം രക്ഷിക്കപ്പെടുമെന്ന് വിശ്വസിക്കുന്നവരോട്, വിശ്വാസം കൊുമാത്രം രക്ഷിക്കപ്പെടില്ലായെന്ന് യാക്കോബ് പറയുന്നു. "ഒരുവൻ നീതികരിക്കപ്പെടുന്നത് പ്രവർത്തിമൂലമാണ്, വിശ്വാസംകൊുമാത്രമല്ല ശരിയായവിശ്വാസം പ്രവർത്തിയുടെ പിൻതുടർച്ചയാണ്."

മരണയോഗ്യയായിരുന്ന അവളെ ഒരു മുന്നറിയിപ്പോടുകൂടി യേശു മോചിപ്പിച്ചു. ഇനിമേലിൽ പാപം ചെയ്യരുത്. ലോകത്തിലെ സകല പ ാപികളോടും യേശു പറയുന്നത് ഇതുതന്നെ. ഞാൻ നിങ്ങളെ ഇപ്പോൾ വിധിക്കുന്നില്ല. നിങ്ങൾ മരണം അർഹിക്കുന്നവരും നരകയോഗ്യരുമാണ്. എന്നാൽ ഞാൻ നിങ്ങളോട് കരുണ കാണിക്കുന്നു. എന്നാൽ എന്റെ കരുണ താൽക്കാലികമാണ്. അതുകൊുനിങ്ങൾ അനുതപിച്ച് മാനസാന്തരപ്പെടുവിൻ. എന്റെ കരുണ അവസാനിക്കുന്നതിന് മുൻപ് നിങ്ങൾ പാപം ചെയ്യുന്നത് നിർത്തുക. അല്ലെങ്കിൽ പാപികളായി എന്റെ മുൻപിൽ ന്യായവിധിക്കായി നിങ്ങൾ നിൽക്കേി വരും.

യേശു കല്പിച്ചതനുസരിച്ച് വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ അനുതപിച്ചു എന്ന് വിചാരിക്കുക. അവൾ അങ്ങനെ ചെയ്തെങ്കിൽ കൃപയാൽ വിശ്വാസത്തിലൂടെ അവൾ രക്ഷിക്കപ്പെട്ടു. ഒരു പ ാപിയായിരുന്നതുകൊ് ദൈവത്തിന്റെ കൃപയിലൂടെ അല്ലാതെ അവൾക്ക് രക്ഷ കരസ്ഥമാക്കാൻ കഴിയുകയില്ലായിരുന്നു. അവൾ അദ്ധ്വാനിച്ച് അവളുടെ രക്ഷ സ്വായത്ത മാക്കിയെന്ന് ഒരിക്കലും പറയുവാൻ കഴിയുമായിരുന്നില്ല. വിശ്വാസത്തിലൂടെ അവൾ രക്ഷിക്കപ്പെട്ടു. അവൾ യേശുവിൽ വിശ്വസിക്കുകയും അവളോട് യേശു പറഞ്ഞത് അവൾ വിശ്വസിക്കുയും ചെയ്തു. യേശുവിന്റെ മുന്നറിയിപ്പിനെ ചെവിക്കൊ് അവളുടെ പാപത്തെ ഉപേ ക്ഷിക്കുകയും ചെയ്തു. യേശുവിൽ യഥാർത്ഥ വിശ്വാസമുള്ള ഏതൊരുവനും അനുതപിക്കും. കാരണം ഒരുവൻ അനുതപിക്കുന്നില്ല എങ്കിൽ അവൻ നശിക്കും എന്ന് യേശു മുന്നറിയിപ്പ് നൽകുന്നു (ലൂക്കോ: 13:3). പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ സ്വർഗരാജ്യത്തെ കരസ്ഥമാക്കുമെന്ന് യേശു പറഞ്ഞു (മത്തായി: 7:21). യേശുവിൽ വിശ്വസിക്കു ന്നവൻ അവന്റെ കല്പനകളെ അനുസരിക്കുകയും മുന്നറിയിപ്പുകളെ പ്രമാണിക്കുകയും ചെയ്യും.

വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ അവളുടെ പാപത്തെ ഏറ്റു പ റഞ്ഞ് അനുതപിച്ചില്ല എന്നുവിചാരിക്കുക. അവൾ പാപപ്രവൃത്തി തുടരുകയും മരണാനന്തരം യേശുവിന്റെ മുൻപിൽ ന്യായവിധിക്ക് എത്തുമ്പോൾ അവൾ യേശുവിനോട്: യേശുവേ അങ്ങയെ ക‌ത് നന്നായി, ഭൂമിയിൽ വെച്ച് ഞാൻ പാപിയായി അങ്ങയുടെ മുമ്പിൽ എത്തിയപ്പോൾ അങ്ങെന്റെ പാപത്തെ വിധിച്ചില്ല. ഇപ്പോഴും അങ്ങ് കൃപാലുവാണെന്ന് ഞാൻ അറിയുന്നു. അന്ന് എന്നെ വിധിക്കാതിരുന്നതുപോലെ ഇന്നും എന്നെ വിധിക്കുകയില്ല എന്ന് ഞാനറിയുന്നു.

നിങ്ങൾക്കെന്തു തോന്നുന്നു? സ്വർഗത്തിലേക്ക് അവളെ സ്വാഗതം ചെയ്യുമോ? ഇല്ല. ഉത്തരം വളരെ വ്യക്തം. പൗലോസ് മുന്നറിയിപ്പുനൽകുന്നു. നിങ്ങളെത്തന്നെ വഞ്ചിക്കാതിരിപ്പിൻ. ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയം ഭോഗികൾ, പുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠകാണക്കാർ, പ

ിടിച്ചുപറിക്കാർ, എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. (1 കൊരി : 6:9-10).

ശിഷ്യത്വത്തിന്റെ പരമപ്രധാനമായ ആവശ്യകത യേശുവിലുള്ള വിശ്വാസമാണെന്ന് ഇതിൽ നിന്നു നമുക്ക് മനസ്സിലാക്കാം, വിശ്വാസത്തെയാണ് ഇക്കാര്യത്തിൽ കണക്കിടുന്നത്. വിശ്വാസമുള്ളവൻ കൃപയാൽ വിശ്വാസ ത്തിലൂടെ രക്ഷിക്കപ്പെടും. രക്ഷകൃപയിലൂടെ ആയതുകൊ് ശിഷ്യത്വവും രക്ഷിക്കപ്പെടുന്നതിലൂടെ ലഭ്യമാണ് എന്നതിന് വചനപരമായ അടിസ്ഥാനം (തെളിവ്) ഇല്ല. സ്വർഗ്ഗത്തെ കാംക്ഷിച്ച് അതിനായി ജീവിതത്തെ രൂപപ്പെടുത്തികാത്തിരിക്കുന്ന ഒരു വിശ്വാസിക്കു തിരഞ്ഞെടുക്കുവാനുള്ള ഒരു മാർഗ്ഗമല്ല ശിഷ്യത്വം, പിന്നെയോ, ഒരുവനിൽ നിക്ഷിപ്തമായിരിക്കുന്ന രക്ഷിക്കുന്ന വിശ്വാസത്തിന്റെ വെളിപ്പെടുത്തലാണ് ശിഷ്യത്വം.[6]

ശിഷ്യന്മാരെ വാർത്തെടുക്കാൻ, ശുശ്രൂഷകന്മാർ അവരെ സത്യസുവിശേഷം ശരിയായി പഠിപ്പിക്കണം, അവരെ വിശ്വാസത്തിന്റെ പ ാതയിൽ നയിക്കണം എങ്കിൽ മാത്രമേ ദൈവത്തിന്റെ ദൃഷ്ടിയിൽ വിജയികളായി കണക്കാക്കപ്പെടുകയുള്ളു. ശിഷ്യത്വം, വിശ്വാസിക്ക് ഇഷ്ടപ്പെട്ടത് തിരഞ്ഞെടു ക്കാനുള്ള അവകാശമാണെന്ന് ശുശ്രൂഷകന്മാർ തെറ്റായി പഠിപ്പിക്കുന്നതിലൂടെ അവർ ദൈവകല്പനയ്ക്ക് എതിരായി പ്രവർത്തിക്കയും, കൃപയ്ക്കും, സുവിശേഷത്തിന്നും അയോഗ്യമായ ഒരു നിർവചനം ഉാക്കുകയും ചെയ്യുന്നു. യേശുവിന്റെ ശരിയായ ശിഷ്യന്മാർ മാത്രമേ ശരിയായ വിശ്വാസത്തെ പിൻതുടരുകയും സ്വർഗ്ഗരാജ്യം അവകാശമാക്കുകയും ഉള്ളു. കർത്താവേ കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, തന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ സ്വർഗ്ഗരാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21).

## തെറ്റായ പുതിയൊരു സുവിശേഷം
## (The New False Gospel)

രക്ഷക്ക് ആധാരമായ ദൈവകൃപയുടെ ആവശ്യകത തെറ്റായ രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നതിനാൽ, കൃപയുടെ അനിവാര്യത പ ലപ്പോഴും ആധുനിക സുവിശേഷത്തിൽ അവഗണിക്കപ്പെടുന്നു. തെറ്റായ

[6] . പൗലോസ് പലപ്പോഴും ഉറപ്പിച്ചുപറഞ്ഞിട്ടു് **രക്ഷകൃപയാലാണ് അദ്ധ്വാനത്താലല്ല** സ്വർഗ്ഗരാജ്യം പ്രാപിക്കുവാൻ വിശുദ്ധി ആവശ്യമാണെന്ന നിയമത്തെ പൗലോസ് എതിർത്തില്ല. കാരണം തനിക്കുതന്നെ ആകാര്യത്തിൽ പൂർണ്ണവിശ്വാസം ഉായിരുന്നു. എന്നാൽ രക്ഷകൃപയാൽ ലഭ്യമാണ്എന്ന് വിശ്വസിച്ചരുന്ന യഹൂദന്മാരോട് പൗലോസ് വിയോജിച്ചു കാരണം രക്ഷ കൃപയാലാണെങ്കിൽ യേശു കാൽവറിയിൽ മരിക്ക ായിരുന്നല്ലോ. ജാതികൾ രക്ഷിക്കപ്പെടുമെന്ന് അവർ ഒരിക്കലും വിശ്വസിച്ചിരുന്നില്ല. കാരണം ദൈവത്തിന്റെ കൃപ രക്ഷക്ക് ഉപാധിയാണെന്ന് അവർക്കറിയില്ലായിരുന്നു. പ രിച്ഛേദനയും, ന്യായപ്രമാണവും, അവർ ഒരിക്കലും പാലിച്ചിരുന്നില്ല. രക്ഷയെസാധ്യമാക്കുമെന്ന് ചിലർ വിശ്വസിച്ചു, ഇവർ ദൈവത്തിന്റെ കൃപയേയും യേശുവിന്റെ ക്രൂശ് മരണത്തെയും തുച്ഛീകരിച്ചു.

സുവിശേഷം (വഴിവിട്ട സുവിശേഷം വഴിവിട്ട ക്രിസ്ത്യാനിയെ സൃഷ്ടിക്കുന്നു) വിശ്വാസികളെ തെറ്റായ മാർഗ്ഗത്തിൽ ജീവിക്കുന്നതിന് പ്രേരിപ്പിക്കുന്നു. തത്ഫലമായി രക്ഷിക്കപ്പെട്ടവരിൽ ഭൂരിഭാഗവും, കർത്താവിനെ രക്ഷകനായി സ്വീകരിച്ച് ആഴ്ചകൾ കഴിഞ്ഞാലും ആരാധനക്ക് സഭയിൽ കടന്നുവരുന്നില്ല. സഭയിൽ കടന്നുവരുന്നവരിൽ ഭൂരിഭാഗവും അവിശ്വാസികളിൽനിന്ന് യാതൊരു വ്യത്യാസവുമില്ലാത്തവരായി മറ്റുള്ളവരെപ്പോലെ പഴയ പാപ പ്രവർത്തികൾ ചെയ്ത് പാപസ്വഭാവത്തിൽ ജീവിക്കുന്നു. യേശുക്രിസ്തുവിൽ വിശ്വസിച്ച് അവനെ രക്ഷകനായി സ്വീകരിച്ച് വീും ജനന ം പ്രാപിച്ചിട്ടില്ലാത്തതാണ് ഇതിന് കാരണം. ആധുനിക സുവിശേഷകർ കൃപാസനത്തിലേക്ക് ജനത്തെ ക്ഷണിക്കുന്നില്ല. പാപം ചെയ്യുന്നത് അവസാനിപ്പിക്കണം എന്ന് ശുശ്രൂഷകൻ പറഞ്ഞാൽ (വ്യഭിചാരത്തിൽ പ ിടിക്കപ്പെട്ടവളോടു യേശു പറഞ്ഞതുപോലെ) കൃപ രക്ഷയാലല്ല, പ്രവർത്തിയിലാണ് എന്ന് പറയുന്നതിന് തുല്യമാണെന്ന് അവർ (ശുശ്രൂഷകന്മാർ) ഭയപ്പെടുന്നു. ഇതുശരിയല്ല കാരണം സ്നാപക യോഹന്നാൻ, പത്രോസ്, പൗലോസ് തുടങ്ങി എല്ലാവരും അനുതാപം രക്ഷയ്ക്കു ആവശ്യമാണെന്ന് പ്രസംഗിച്ചവരാണ്. രക്ഷയ്ക്ക് കൃപ ആവശ്യമാണ്. അല്ലായിരുന്നെങ്കിൽ ഇവർ തങ്ങളുടെ മാനസാന്തര പ്രസംഗങ്ങളിൽ ദൈവകൃപയുടെ ആവശ്യകത ഒഴിവാക്കുമായിരുന്നു. അനുതപിക്കുവാനുള്ള താത്കാലികമായ ഒരംഗീകാരമാണ് ദൈവകൃപ. തുടർന്നും പാപം ചെയ്യുവാനുള്ള ടോക്കൺ അല്ല എന്നവർ വിശ്വസിക്കുന്നു.

ലൂക്കോസിന്റെ സുവിശേഷത്തിലേയും സ്നാപകയോഹന്നാന്റെ സന്ദേശത്തിന്റെയും കേന്ദ്രബിന്ദു മാനസാന്തരം ആയിരുന്നു. (ലൂക്കോ 3:1-18). മാനസാന്തരപ്പെടാത്തവൻ നരകയോഗ്യനാകും. (മത്താ 3:10-12; ലൂക്കോ 3:17).

യേശു തന്റെ ശുശ്രൂഷയുടെ തുടക്കത്തിൽതന്നെ മാനസാന്തരം പ്രസംഗിച്ചു (മത്താ 4:17) മാനസാന്തരപ്പെടാഞ്ഞാൽ നശിച്ചുപോകുമെന്ന് മുന്നറിയിപ്പുനൽകി (ലൂക്കോ 13:3,5).

യേശു തന്റെ 12 അപ്പോസ്തലന്മാരെ (ശിഷ്യന്മാരെ) പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ അയച്ചു. അവർ പോയി ജനത്തോടു മാനസാന്തരം പ്രസംഗിച്ചു. (മാർ 6:12).

ഉയർത്തെഴുന്നേറ്റ യേശു, പന്തിരുവരെ വിളിച്ചു മാനസാന്തര ത്തെക്കുറിച്ച് മുഴുലോകത്തോടും പ്രസംഗിക്കാൻ ആഹ്വാനം ചെയ്തു കാരണം മോചനമെന്ന കവാടത്തിന്റെ താക്കോലാണ് മാനസാന്തരം എന്ന് അവരെ പഠിപ്പിച്ചു.

> ക്രിസ്തു കഷ്ടം അനുഭവിക്കുകയും മൂന്നാം നാൾ മരിച്ചവരിൽനിന്ന് ഉയർത്തെഴുന്നേല്കുകയും അവന്റെ നാമത്തിൽ മാനസാന്തരവും പ ാപമാചനവും യറുശലേമിൽതുടങ്ങി സകലജാതികളിലും

പ്രസംഗിക്കുകയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു (ലൂക്കോ 24: 46-47).

അപ്പോസ്തലന്മാർ യേശുവിന്റെ അരുളപ്പാട് അനുസരിച്ചു. പെന്തക്കോസ്തുനാളിൽ പത്രോസ് പ്രസംഗിച്ചപ്പോൾ, പ്രസംഗം കേട്ട ജനം, അവർ ക്രൂശിച്ചുകൊന്ന യേശുവിന്റെ സത്യം മനസ്സിലാക്കിയപ്പോൾ, അവർ എന്തുചെയ്യണമെന്ന് പത്രോസിനോട് ചോദിച്ചു. പത്രോസ് അവരോട്: നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ ക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ (അപ്ര 2:38).

ശലോമോന്റെ മണ്ഡപത്തിൽ വച്ചു പത്രോസ് ചെയ്ത രാമത്തെ പ്രഭാഷണത്തിലും പാപപരിഹാരത്തിന് മാനസാന്തരം അവശ്യമാണെന്ന് ഊന്നിപ്പറഞ്ഞു.[7]

ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞുകിട്ടേതിന് മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ.

അഗ്രിപ്പാ രാജാവിനോടു തന്റെ സാക്ഷ്യം പ്രസ്താവിച്ചപ്പോഴും മാനസാന്തരത്തിന്റെ ആവശ്യകതയായിരുന്നു മുഖ്യവിഷയം.

അതുകൊ് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ആദ്യം ദമസ്കോസിലും, പിന്നെ യെരുശലേമിലും യഹൂദാ ദേശത്തെങ്ങും ഉള്ളവരോടും പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കുതിരിഞ്ഞ് മാനസാന്തരത്തിനുയോഗ്യമായ പ്രവർത്തികൾ ചെയ്യേണമെന്ന് പ്രസംഗിച്ചു (അ.പ്ര. 26:19-29).

മാനസാന്തരപ്പെട്ട് മനം തിരിയാഞ്ഞാൽ ഏതൊരുവനും അവസാനം ക്രിസ്തുവിന്റെ ന്യായാസനത്തിന് മുമ്പിൽ ന്യായവിധിക്കായി നില്കേി വരുമെന്ന് അഥേനാ പുരുഷന്മാരോടു പൗലോസ് മുന്നറിയിപ്പുനൽകുന്നു.

> അറിവില്ലായ്മയുടെ കാലങ്ങളെ ദൈവം കണക്കിടുന്നില്ല. ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തിരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു (അ.പ്ര. 17:30-31).

---

[7] . യേശുവിനെ വിശ്വസിക്കുന്നതിലൂടെ ജാതികൾക്കും രക്ഷ സ്വായത്തമാക്കാൻ കഴിയുമെന്ന് ദൈവം പത്രോസിന് വെളിപ്പെടുത്തിയപ്പോൾ, കൊർന്നല്യൊസിന്റെ ഭവനത്തിൽ കൂടിയിരുന്നവരോടു പത്രോസ്: ദൈവത്തിനുമുഖപക്ഷമില്ല. ഏതുജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു (അ. പ്ര. 10: 34-35) പത്രോസ് അ.പ്ര. 5:32ൽ പറയുന്നു. ദൈവം തന്നെ അനുസരിക്കുന്ന ഏവർക്കും പരിശുദ്ധാത്മാവിനെ നൽകി. ജഡസ്വഭാവമില്ലാത്തവരുടെ ഉള്ളിൽ പരിശുദ്ധാത്മാവ് വസിക്കുന്നു (റൊമർ 8:9, ഗലാ 4:6)

എഫസോസിലെ മൂപ്പന്മാരോടുയാത്രപറയുമ്പോൾ പൗലോസ് മാന സാന്തരവും വിശ്വാസവും തന്റെ പ്രസംഗത്തിന്റെ മുഖ്യവിഷയങ്ങളാക്കി.

ഒന്നും മറച്ചുവക്കാതെ പരസ്യമായും വീടുതോറും നിങ്ങളോടു അറിയിക്കയും ഉപദേശിക്കയും ചെയ്തു എന്നും ദൈവത്തിങ്കലേക്കുള്ള മാന സാന്തരവും നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലുള്ള വിശ്വാസവും, യഹൂദന്മാർക്കും യവനന്മാർക്കും സാക്ഷികരിച്ചു എന്നും നിങ്ങൾ അറിയുന്നുവല്ലോ (അ. പ്ര. 20:20-21).

മേൽ പറഞ്ഞ വചന അടിസ്ഥാനത്തിൽ മാനസാന്തരത്തിന്റെ ആവശ്യകതയെ അറിയിക്കുന്നല്ലെങ്കിൽ സത്യസുവിശേഷം പ്രസംഗിക്കപ്പെടു ന്നില്ല എന്ന് മനസ്സിലാക്കാം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ ആരംഭമാണ് മാനസാന്തരം. മാനസാന്തരമില്ലാതെ പാപ ക്ഷമയില്ല.

## മാനസാന്തരം പുനർനിർവ്വചിക്കപ്പെടുന്നു (Repentence Redefined)

മാനസാന്തരമാണ് രക്ഷയുടെ അടിസ്ഥാനം. വിവിധ വചനങ്ങൾ ഇതിന് തെളിവുതരുന്നു. എന്നാൽ ചില ശുശ്രൂഷകന്മാർ ഇപ്പോഴും തെറ്റായ രീതിയിൽ ഇതിനെ നിർവചിച്ച് രക്ഷ ദൈവത്തിന്റെ കൃപയാണ് എന്ന് സമർദ്ധിക്കാൻ ശ്രമിച്ചുകൊിരിക്കുന്നു. ഇവരുടെ നിർവചന പ്രകാരം മാനസാ ന്തരം എന്നത് മനസിനുാകുന്ന ഒരു മാറ്റം മാത്രമാണ്. യേശുവിനെ അറിയുന്നു അത്രമാത്രം. ഇതുകൊ് ഒരു മനുഷ്യന്റെ സ്വഭാവത്തിന്റെ അടിസ്ഥനഘടകത്തിൽ മാറ്റം വരുന്നില്ല എന്ന് ഇക്കൂട്ടർ വിശ്വസിക്കുന്നു.

ജനത്തെ മാനസാന്തരത്തിനായി മാടിവിളിക്കുന്ന പുതിയ നിയമ ഉപദേഷ്ടാക്കൾ എന്താണ് പ്രതീക്ഷിക്കുന്നത്? യേശുവിനെക്കുറിച്ചുള്ള ജന ത്തിന്റെ കാഴ്ചപ്പാടിന് മാറ്റം വരുത്തുകമാത്രമാണോ. അതോ ജനത്തിന്റെ സ്വഭാവത്തിനുതന്നെ മാറ്റം വരുത്തുവാൻ ആവശ്യപ്പെടുകയാണോ?

യഥാർത്ഥമാനസാന്തരം സ്വഭാവത്തിന് മാറ്റം വരുത്തുന്നു എന്ന് പ ൗലോസ് വിശ്വസിച്ചു. ദശാബ്ദങ്ങളോളം താൻ നടത്തിയ സുവിശേഷ പ്രവർത്തനത്തിന്റെ സാക്ഷ്യം നാം വചനത്തിൽ വായിക്കുന്നു. അഗ്രിപ്പാ രാജാവിന്റെ മുന്നിൽ താൻ പ്രസ്താവിച്ച സാക്ഷ്യം.

> അതുകൊ് അഗ്രിപ്പാ രാജാവേ, ഞാൻ സ്വർഗ്ഗീയ ദർശനത്തിന് അനുസരണക്കേട് കാണിക്കാതെ ആദ്യം ദമസ്ക്കോസിലും, യറുശലേമിലും, യെഹൂദ്യദേശത്തെങ്ങും ഉള്ളവരോടും, പിന്നെ ജാതികളോടും മാനസാന്തരപ്പെട്ടു ദൈവത്തിങ്കലേക്കുതിരിഞ്ഞു മാന സാന്തരത്തിനു യോഗ്യമായ പ്രവർത്തികൾ ചെയ്യേണമെന്ന് പ്രസംഗിച്ചു (അ.പ്ര. 26: 19-20).

മാനസാന്തരമെന്നത് ദൈവശാസ്ത്രസംബന്ധമായി മനസ്സിനുാകുന്ന മാറ്റത്തെക്കാൾ ഉപരിയായ ഒന്നാണ്. അത് ഒരവസ്ഥയാണ് എന്ന് യോഹന്നാൻ സ്നാപകൻ വിശ്വസിച്ചിരുന്നു. ഞങ്ങൾ എന്തുചെയ്യണമെന്ന കുറ്റബോധത്തോട് ചോദിച്ച പരീശന്മാരോട്, മാനസാന്തരപ്പെട്ട് സ്വഭാവത്തിന് മാറ്റം വരുത്തുവാൻ പ്രസംഗിച്ചു (ലൂക്കോ 3:3) പരിശന്മാരോടും സദൂക്യന്മാരോടും യോഹന്നാൻ വിളിച്ചുപറഞ്ഞു

> മാനസാന്തരപ്പെട്ട് നരകാഗ്നിയിൽനിന്ന് രക്ഷപ്പെടുവിൻ! . സർപ്പസന്തതി കളെ, വരുവാനുള്ള കോപത്തെ ഒഴിഞ്ഞ് ഓടിപ്പോകുവാൻ നിങ്ങൾക്ക് ഉപദേശിച്ചുതന്നതാർ? ഇപ്പോൾത്തന്നെ വൃക്ഷങ്ങളുടെ ചുവട്ടിന് കോടാലിവച്ചിരിക്കുന്നു. നല്ല ഫലം കായ്ക്കാത്ത വൃക്ഷം എല്ലാം വെട്ടി തീയിൽ ഇട്ടുകളയുന്നു (മത്തായി 3:7-10)

യോഹന്നാനെപ്പോലെ, യേശുവും മാനസാന്തരം പ്രസംഗിച്ചു (മത്തായി 3:2, 4:17) യോനയുടെ പ്രസംഗംകേട്ട് നിനവേ പട്ടണം മാനസാന്തരപ്പെട്ടെന്ന് എഴുതിയിരിക്കുന്നു (ലൂക്കോസ് 11:32) യോനയുടെ പുസ്തകം വായിക്കുന്ന ഏതൊരുവ്യക്തിക്കും ഒരു വസ്തുത മനസ്സിലാക്കാൻ കഴിയും, നിനവേക്കാർ മാനസാന്തരപ്പെട്ടതിലുപരി ചിലത് അവരുടെ പ്രവർത്തിയിലൂടെ നിർവ്വഹിച്ചതായി കാണുന്നു. പാപത്തിൽനിന്ന് പിന്തിരിഞ്ഞ അവരുടെ പ്രവർത്തികൾക്ക് മാറ്റം വന്നു, ഇതിനെയാണ് യേശു മാനസാന്തരം എന്ന് വിളിച്ചത്.

*ഹൃദയത്തിന്റെ ഉള്ളിൽ ജനിക്കുന്ന ആധികാരികമായ വിശ്വാസത്തിന്റെ പ്രതികരണത്തോടെ സ്വഭാവത്തിൽ വരുന്നമാറ്റമാണ് വചനാടിസ്ഥാനത്തിലുള്ള മാനസാന്തരം. ഒരു ശുശ്രൂഷകൻ പ്രസംഗിക്കുമ്പോൾ കേൾക്കുന്ന ഒരുവന്റെ സ്വഭാവത്തിനുമാറ്റം വരണം. അത് അവനെ മാനസാന്തരത്തിലേക്ക് നയിക്കുന്നു. അതിനുകഴിയുന്നില്ലെങ്കിൽ, ശ്ഷ്യന്മാരെക്കുറിച്ച് യേശു ആഗ്രഹിച്ചതിന് എതിരായിട്ടുള്ള പ്രവർത്തിയാണത്.* കൂടാതെ മാനസാന്തരപ്പെടാതെ രക്ഷ നേടാമെന്ന തെറ്റായ വിശ്വാസം അടിച്ചേല്പിച്ച് ശ്രോതാക്കളെ വഴിതെറ്റിക്കുകകൂടി ചെയ്യുന്നു. ഈ ശുശ്രൂഷകൻ നാശം ഉറപ്പുവരുത്തുന്നു. താൻ അറിഞ്ഞോ അറിയാതെയോ സത്താനുവേയാണ് പ്രവർത്തിക്കുന്നത്.

ശിഷ്യന്മാരെ നേടുവാൻ അഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ യേശു പറഞ്ഞതുപോലെ ശരിയായി തുടങ്ങണം സത്യസുവിശേഷം പ്രസംഗിക്കാതെ ആളുകളെ മാനസാന്തരത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കുന്ന ഒരു ശുശ്രൂഷകൻ പൂർണ്ണ പരാജയമാണ്. ജനങ്ങളുടെ ദൃഷ്ടിയിൽ വിജയാളി ആണെങ്കിലും അയാളൊരു പരാജയമാണ്. അയാൾക്ക് വലിയ കൂട്ടായ്മയുായേക്കാം. പക്ഷെ, താൻ പണിയുന്നത് തടികൊും, വയ്ക്കോൽകൊും, പുല്ലുകൊുമാണ്. തന്റെ പ്രവർത്തിയുടെ ഗുണനിലവാരം തീകൊ് ശോധനചെയ്യപ്പെടും. അത് വെന്തു ഇല്ലാതെയാകും. (1 കൊരി :3:12-15)

## സമർപ്പണത്തിലേക്കുള്ള യേശുവിന്റെ വിളി
**(Jesus Calls to Commitment)**

യേശു പാപികളെ രക്ഷയിലേക്ക് വരുവാൻ ആഹ്വാനം ചെയ്യുക മാത്രമല്ല, തങ്ങളെത്തന്നെ സമർപ്പിച്ച് യേശുവിനെ അനുസരിച്ച്, അനുഗമിക്കണമെന്ന് ആഗ്രഹിക്കുന്നു. ഇന്നത്തെപ്പോലെ, രക്ഷയിലേക്കുള്ള കേവലമൊരു ക്ഷണപ്പത്രം അല്ലായിരുന്നു ക്രിസ്തുവുന്റെ ശുശ്രൂഷ.

അവനെ കൈക്കൊ് പാപക്ഷമ പ്രാപിച്ച് അവനെ അനുസരിക്കുക എന്നതിൽ ഉപരി യേശുവിനെ പിൻപറ്റുവാൻ ആഗ്രഹിക്കുന്ന ഒരുവനിൽനിന്ന് പൂർണ്ണഹൃദയത്തോടുള്ള പൂർണ്ണ സമർപ്പണമാണ് യേശു കാംക്ഷിക്കുന്നത്.

ഉറപ്പുള്ള (അംഗീകരിക്കപ്പെട്ട) വിശ്വാസികൾ പോലും കർത്താവിന്റെ വിലപ്പെട്ട സമർപ്പണത്തിനുവേിയുള്ള വിളിയെ അവഗണിക്കുന്നതായി കാണാം. തീഷ്ണതയുള്ള ദൃഢബന്ധത്തിലേക്കുള്ള ഈ വിളി രക്ഷിക്കപ്പെടാത്തവർക്കുവേിയുള്ളതല്ല, മറിച്ച് രക്ഷയുടെ കൃപാധനം പ്രാപിച്ചവർക്കുവേിയുള്ളതാണ്.

യേശു വിളിക്കുന്നത് രക്ഷിക്കപ്പെടാത്തവരെ, വിശ്വാസികളായ തങ്ങളെ തന്നെയാണ് എന്ന് ഇവർക്കുബോധ്യമുായിട്ടും യേശുവിന്റെ ക്ഷണത്തെ അനുസരിക്കയോ, പ്രതികരിക്കയോ ചെയ്യാതെ അവഗണിക്കുന്നു.

രക്ഷയിലേക്കുള്ള യേശുവിന്റെ ക്ഷണത്തിന്റെ ഒരുമാതൃക നമുക്ക് നോക്കാം.

> പിന്നെ അവൻ പുരുഷാരത്തേയും തന്റെ ശിഷ്യന്മാരേയും അരികെവിളിച്ചു അവരോടു പറഞ്ഞു: ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊ് എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൻ, അതിനെ കളയും, ആരെങ്കിലും എന്റേയും സുവിശേഷ ത്തിന്റേയും നിമിത്തം തന്റെ ജിവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും. ഒരുമനുഷ്യൻ സർവ്വലോകവും നേടിയാലും അവന്റെ ജീവനെ നഷ്ടമാക്കിയാൽ അവനു എന്തുപ്രയോജനം? അല്ല തന്റെ ജീവനുവേി മനുഷ്യൻ എന്ത് മറുവിലയായി കൊടുക്കും, വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളേയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യ പ ുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും (മർക്കോ 8:34-38).

ഇത് അവിശ്വാസികൾക്ക് രക്ഷയിലേക്കുള്ള ക്ഷണമാണോ അതോ അർപ്പണമുള്ള വിശ്വാസികൾക്കുള്ള ക്ഷണമാണോ? സത്യസന്ധമായ ഒരു വായനയിലുടെ ഇതിന് വ്യക്തമായ ഉത്തരം ലഭിക്കുന്നു. ഒന്നാമതായി, അവൻ പുരുഷാരത്തേയും തന്റെ ശിഷ്യന്മാരേയും അരികെ വിളിച്ചു അവരോടു

സംസാരിച്ചു (മർക്കോ 8:34). ഇതിൽനിന്നും പുരുഷാരത്തിന്റെ കുട്ടത്തിൽ തന്റെ ശിഷ്യന്മാർ ഇല്ലായിരുന്നു എന്ന് സ്പഷ്ടം. യഥാർത്ഥത്തിൽ യേശുവിന് പറയാനുള്ളത് കേൾക്കാൻ ശിഷ്യന്മാരെ വിളിക്കുകയായിരുന്നു. യേശുവിന്റെ അനുയായികളും, അന്വേഷകരും തന്നെ പിൻപറ്റുന്നവർ എല്ലാവരും യേശു പഠിപ്പിക്കുന്ന സത്യം മനസിലാക്കണമെന്ന് യേശു ആഗ്രഹിച്ചിരുന്നു. ശ്രദ്ധിക്കുക, യേശുവിന്റെ ഉപദേശത്തിന്റെ തുടക്കം ഒരുവൻ എന്നതാണ്. ഇത് ഏതൊരുവനും ഒരുപോലെ ബാധകമാണ്.

തുടർന്നുവായിക്കുമ്പോൾ, യേശു ഇത് ആരെ സംബോധന ചെയ്താണ് സംസാരിക്കുന്നത് എന്ന്വ്യക്തമാകും. യേശുവിന്റെ വാക്കുകൾ ആർക്കുവേ ഉള്ളതായിരുന്നു എന്ന് ചിന്തിക്കാം. 1. യേശുവിനെ പ ിൻപറ്റുന്നവനു വേിയുള്ളത്. 2. സ്വന്തം ജീവനെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നവനുവേ. 3. ആത്മാവ് നഷ്ടപ്പെടരുതെന്ന് അഗ്രഹിക്കുന്നവനുവേ. 4. പിതാവിനാൽ മഹത്വീകരിക്കപ്പെട്ട് യേശു വിശുദ്ധദൂതന്മാരോടൊപ്പം അകാശമേഘങ്ങളിൽ പ്രത്യക്ഷപ്പെടുമ്പോൾ ലജ്ജിക്കപ്പെടരുത് എന്ന് അഗ്രഹിക്കുന്നവർക്കുവേ.

യേശുവിനെ പിൻപറ്റാതെ, സ്വന്തംജീവനെ രക്ഷിക്കാതെ സ്വർഗ്ഗരാജ്യം കാംക്ഷിക്കുന്ന ഒരുവ്യക്തിയെക്കുറിച്ച് നമുക്ക് ചിന്തിക്കുവാൻ കഴിയുമോ? സ്വന്തം ജിവനെ നഷ്ടപ്പെടുത്തകയും, യേശുവിനെയും, അവന്റെ ഉപദേശങ്ങളേയുംകുറിച്ച് ലജ്ജിക്കുകയും ചെയ്യുന്ന ഒരുവനെക്കുറിച്ച് യേശുവും, തന്റെ വീും വരവിൽ അവരേക്കുറിച്ച് ലജ്ജിക്കയില്ലെ? യഥാർത്ഥത്തിൽ നിത്യമായ രക്ഷയെക്കുറിച്ചാണ് ഈവചന ത്തിൽ പ്രതിപാദിച്ചിരിക്കുന്നത്. മർക്കോസ് 8:34-38 വരെയുള്ള വചനങ്ങൾ പരസ്പരം പുരകങ്ങളാണ്. രാമത്തെ പചനം ഒന്നാമത്തേതിന്റെ തുടർമാനമായി കാണപ്പെടുന്നു. യേശുവിന്റെ വാക്കുകൾ വാചകത്തിന്റെ ഈ ഘടനയുടെ അടിസ്ഥാനത്തിൽ നമുക്ക് പഠിക്കാം.

**ഒന്നാം വാക്യം**
**(Sentence 1)**

ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊ് എന്നെ അനുഗമിക്കട്ടെ (മർക്കോ 8:34).

ശ്രദ്ധിക്കുക, യേശുവിന്റെ വാക്കുകൾ തന്നെ പിൻപറ്റുവാൻ ആഗ്രഹിക്കുന്ന ഏതൊരുവനും വേിയുള്ളതാണ്. അനുഗമിക്കുന്നവന് യേശുകല്പിക്കുന്ന പ്രാഥമിക യോഗ്യത (ബന്ധം) ഇതുമാത്രമാണ്. ഒരുവൻ/ ഏതൊരുവൻ - അതായത് ഏതൊരുവനായാലും അവൻ യോഗ്യനത്രേ?

അനേകർ യേശുവിന്റെ സ്നേഹിതനാകാൻ ഇഷ്ടപ്പെടുന്നു്. പക്ഷേ അനുയായികളാകാൻ താത്പര്യമില്ല. പക്ഷേ തന്നെ അനുസരിക്കാത്ത ഒരുവനെ യേശു ഒരു സ്നേഹിതനായി അംഗീകരിക്കുന്നില്ല. യേശു പറഞ്ഞു

എന്റെ കല്പനകൾ പ്രമാണിക്കന്നവൻ അത്രേ എന്റെ സ്നേഹിതൻ (യോഹ. 15:4).

തന്റെ ശിഷ്യനാകാതെ അനേകർ യേശുവിന്റെ സഹോദരൻ ആകാൻ ആഗ്രഹിക്കുന്നു, യേശു ഈ തിരഞ്ഞെടുപ്പ് ഇഷ്ടപ്പെടുന്നില്ല. യേശുവിനെ അനുസരിക്കാത്ത ഒരുവനെ യേശു സഹോദരനായി അംഗീകരിക്കുന്നില്ല. സ്വർഗ്ഗസ്തനായ എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവനത്രേ എന്റെ സഹോദരൻ (മത്താ 12:50).

തന്റെ ശിഷ്യനാകാൻ ആഗ്രഹിക്കാതെ അനേകർ സ്വർഗ്ഗത്തിൽ യേശുവോടു ചേരുവാൻ ആഗ്രഹിക്കുന്നു. എന്നാൽ യേശു അതിന്റെ അപ്രായോഗികതയെ വെളിപ്പെടുത്തുന്നു. അനുസരിക്കുന്നവർക്കാണ് സ്വർഗ്ഗരാജ്യം. എന്നോടു കർത്താവേ, കർത്താവേ എന്നു പറയുന്നവൻ ഏവനുമല്ല, സ്വർഗ്ഗസ്തനായ എന്റെ പാതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ അത്രേ സ്വർഗ്ഗ രാജ്യത്തിൽ കടക്കുന്നത് (മത്തായി 7:21).

തന്നത്താൻ ത്യജിക്കാത്തവന് യേശുവിനെ പിൻപറ്റാൻ സാധ്യമല്ലായെന്ന് യേശു ഉറപ്പിച്ചു പറയുന്നു. സ്വന്തം ഇച്ഛകൾ മാറ്റിവച്ച്, യേശുവിന്റെ ഇഷ്ടത്തിന് പൂർണ്ണമായി വിധേയപ്പെടുത്തണം. സ്വയം വർജ്ജിക്കുകയും സമർപ്പിക്കുകയും ചെയ്യുന്നതാണ് യേശുവിനെ പ ിൻപറ്റുന്നതിന്റെ മുഖ്യാംശം. അതാണ് നിന്റെ ക്രൂശ് എടുക്കുക എന്ന് പ റയുന്നതിന്റെ അർത്ഥം.

## വാക്യം ര്
## (Sentence 2)

രാമത്തെ വാക്യം ആദ്യത്തെ വാക്യത്തിന്റെ അർത്ഥത്തെ അല്പംകൂടി വ്യക്തമാക്കുന്നു.

> ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൻ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും. (മർക്കോ 8:35)

ശ്രദ്ധിക്കുക, ഈ വാക്യം ആരംഭിക്കുന്നത് എങ്കിൽ എന്ന ഒരു വ്യവസ്ത വെളിപ്പെടുത്തുന്ന വാക്കിലൂടെയാണ്. ഇത് ആദ്യവാക്യവുമായി ബന്ധമുള്ളതാണ് എന്ന് വ്യക്തം. യേശു ഇവിടെ രുവ്യക്തികളെ താരതമ്യപ്പെടുത്തുന്നു. ആദ്യവാചകത്തിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന രുപേർ തന്നെ, ഒരുവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്ത് യേശുവിനെ അനുഗമിക്കുന്നവൻ, മറ്റവനോ അങ്ങനെ തയ്യാറാകാത്തവൻ. ഇവരെ താരതമ്യപ്പെടുത്തുമ്പോൾ സ്വന്തംജീവനെ ക്രിസ്തുവിനും, സുവിശേഷത്തിനും വേി ത്യജിക്കാൻ തയ്യാറുള്ള ഒരുവൻ, എന്നാൽ ഇതിന് തയ്യാറാകാത്ത മറ്റൊരുവൻ. ഇവർ തമ്മിലുള്ള ബന്ധത്തെക്കുറിച്ച്

നോക്കുമ്പോൾ ക്രിസ്തുവിനും സുവിശേഷത്തിനുംവേി സ്വന്തംജിവനെ ത്യജിച്ച് ക്രൂശ്ു ചുമന്നവൻ അവസാനം തന്റെ ജീവനെ നേടുന്നു, എന്നാൽ തന്നത്താൻ ത്യജിച്ച് ക്രിസ്തുവിനും സുവിശേഷത്തിനും വേി തന്റെ ജീവനെ ത്യജിക്കാൻ തയ്യാറല്ലാത്തവൻ അവസാനം തന്റെ ജീവനെ കളയുന്നു.

ഒരുവന്റെ ജഡീക ജീവന്റെ രക്ഷയെക്കുറിച്ചോ, നഷ്ടത്തെക്കുറിച്ചോ അല്ല യേശു ഇവിടെ പ്രതിപാദിക്കുന്നത്. നിത്യമായ നഷ്ടത്തേയും നേട്ടത്തേയും കുറിച്ചാണ് യേശു ഇവിടെ പറയുന്നത്. യോഹ 12:25ൽ ഇതിനുസമാനമായ ഒരുഭാഗം നാം കാണുന്നു. തന്റെ ജീവിനെ സ്നേഹിക്കുന്നവൻ അതിനെ കളയുന്നു. ഇഹലോകത്തിൽ തന്റെ ജീവനെ പകെക്കുന്നവൻ അതിനെ നിത്യജീവിനായി സൂക്ഷിക്കും (യോഹ 12:25).

ആദ്യവാകൃത്തിലെ തന്നെത്താൻ ത്യജിക്കാൻ താല്പര്യമില്ലാത്ത മന ുഷ്യൻ, രാമത്തെ വാചകത്തിൽ പറഞ്ഞിരിക്കുന്ന സ്വന്തജീവനെ രക്ഷിക്കുവാൻ താല്പര്യപ്പെടുന്ന മനുഷ്യന് സമമാണ്. ഒരുവന്റെ ജീവനെ രക്ഷിക്കുക എന്നു പറഞ്ഞാൽ അവന്റെ ജീവിതത്തിന്റെ പദ്ധതികൾ സംരക്ഷിക്കുക എന്നാണ്. ക്രിസ്തുവിനും സുവിശേഷ ത്തിനുംവേി തന്റെ ജീവനെ ത്യജിക്കുവാൻ താല്പര്യമുള്ള മനുഷ്യനെ താരതമ്യപ്പെടുത്തുമ്പോൾ ഇത് വ്യക്തമാകുന്നു. അവൻ തന്നെത്താൻ ത്യജിക്കുന്നവനും, തന്റെ ക്രൂശ് ചുമക്കുന്നവനും തന്റെ ജീവിത പദ്ധ്യതികൾ ത്യജിക്കുന്നവനുമാണ്, ഈ ത്യാഗം സഹിക്കുന്നത് ക്രിസ്തവിന്റെ ഇഷ്ടമനുസരിച്ച് ജീവിക്കുവാനും സുവിശേഷം പ്രചരിപ്പിക്കുവാനുമാണ്. അവൻ തീർച്ചയായും അവസാനം തന്റെ ജീവനെ രക്ഷിക്കുന്നു. ഒരുവൻ തന്റെ ജീവിതത്തിൽ ക്രിസ്തുവിനെ സന്തോഷിപ്പിക്കുവാൻ തന്റെ ജീവനെ സമർപ്പിക്കുന്നുവെങ്കിൽ, സത്യത്തിൽ അവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും സന്തുഷ്ടനായിത്തീരുന്നു, എന്നാൽ സ്വയത്തെ സന്തോഷിപ്പിക്കുവാൻ ശ്രമിക്കുന്നവൻ അന്ത്യത്തിൽ നരകത്തിന്റെ യാതനകൾ അനുഭവിക്കുന്നു, അവിടെ അവന് തന്റെ ജീവിതരീതികൾ പ ിൻതുടരാൻ കഴിയാതെ തന്റെ സ്വതന്ത്ര്യംപൂർണ്ണമായി നഷ്ടപ്പെടുന്നു.

## മൂന്നും നാലും വാകൃങ്ങൾ
## (Sentence 3 & 4)

> ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ജീവനെ കളയുകയും ചെയ്താൽ അവന് എന്തുപ്രയോജനം? (മർക്കോ 8:36-37).

തന്നത്താൻ ത്യജിക്കുവാൻ താല്പര്യമില്ലാത്ത ഒരുവനെ ഇവിടെ കാണാം. അവൻ സ്വന്തം ജീവനെ രക്ഷിക്കുവാൻ അഗ്രഹിക്കുന്നവനാണ്. പക്ഷേ അന്ത്യത്തിൽ അവന് തന്റെ ജീവനെ നഷ്ടപ്പെടുകയാണ്. ലോകത്തിന്റെ വാഗ്ദത്തങ്ങളുടെ പിന്നാലെ പോയി അവസാനം അവന്റെ ജീവനെ നഷ്ടപ്പെടുത്തുന്ന ഒരുവൻ. സ്വന്തം

അത്മാവിനെ നഷ്ടപ്പെടുത്തി ലോകത്തിന്റെ മോഹങ്ങളെ പിൻപറ്റുന്നതിന്റെ അർത്ഥശൂന്യത യേശു തുറന്നുകാട്ടുന്നു. ഒരു മനുഷ്യന് ലോകപ്രകാരമുള്ള സർവ്വതും നേടുവാൻ കഴിഞ്ഞേക്കാം, എന്നാൽ അന്ത്യത്തിൽ അവന്റെ നിത്യത നിത്യനരകത്തിലാണെന്നതാണ് വസ്തുത. ആയതിനാൽ അവൻ ചെയ്യുന്നത് ഏറ്റവും വലിയ തെറ്റാണ്.

ഈ മുന്നുംനാലും വാക്യങ്ങളിൽ നിന്ന്, അനേകരെ കർത്താവിൽനിന്ന് അകറ്റുന്നതെന്താണെന്ന് നമുക്ക ബോധ്യമാകും. ലോകം തരുന്ന സംതൃപ്തി നേടാനുള്ള അവരുടെ ആഗ്രഹത്തെയാണ് ഇത് കാണിക്കുന്നത്. യേശവിനെ പിൻപറ്റുന്നവൻ പിൻതള്ളുന്ന സ്വയത്തെ സ്നേഹിക്കുക എന്ന തത്വത്തെ ഇക്കൂട്ടർ മുറുകെ പിടിക്കുന്നു. യേശുവിനെ പിൻപറ്റുന്നവർ അവന്റെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ ഇക്കൂട്ടർ ലോകം നൽകുന്ന ധനം, അധികാരം, പദവി ഇത്യാദി അന്വേഷിക്കുന്നു. ധനവും, ശക്തിയും, പദവിയും എല്ലാം, ദൈവനാമ മഹത്വത്തിനായി വിനിയോഗിക്കപ്പെടാനുള്ളതാണ്.

## വാക്യം അഞ്ച്
## (Sentence 5)

അവസാനമായി നാം ഈ ഭാഗത്തിലെ അഞ്ചാമത്തെ വാക്യത്തിൽ എത്തിനില്ക്കുന്നു. ഇത് മറ്റു 4 വാക്യങ്ങളുമായി എങ്കിൽ എന്ന വാക്കുകൊു യോജിപ്പിച്ചിരിക്കുന്നത് ശ്രദ്ധിക്കുക.

> ആരെങ്കിലും എന്നെയും എന്റെ വചനങ്ങളേയും കുറിച്ച് ലജ്ജിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ നാണിക്കും (മർക്കോ 8:38).

സ്വയം തൃജിക്കാതെ, സ്വന്തം തീരുമാനപ്രകാരം ലോകത്തെ പിൻപറ്റുന്ന ഒരുവന് തന്റെ ജീവനും അന്ത്യത്തിൽ തന്റെ ആത്മാവും നഷ്ടപ്പെടുന്നു. ഇവൻ യേശുവിനേയും യേശുവിന്റെ വചനത്തേയും കുറിച്ച് നാണിച്ചവനാണ്. ഇവന്റെ നാണത്തിന്റെ അടിസ്ഥാനം ഇവന്റെ അവിശ്വാസമാണ്. യേശു ദൈവപുത്രനാണെന്ന് അവൻ വിശ്വസിച്ചിരുന്നെങ്കിൽ, അവർ യേശുവിനേയും അവന്റെ വചനങ്ങളേയും കുറിച്ച് നാണിക്കുകയില്ലായിരുന്നു. ഇവൻ വ്യഭിചാരത്തിന്റേയും പാപത്തിന്റേയും തലമുറയിൽ പെട്ടവനാണ്, യേശുവിന്റെ വീും വരവിൽ ഇവനെക്കുറിച്ച് യേശുവുംനാണിക്കും. യേശു ഒരു രക്ഷിക്കപ്പെട്ടവനെയല്ലാ ഇവിടെ ചിത്രീകരിക്കുന്നത്.

ഇതിന്റെയെല്ലാം ഒടുക്കം എന്താണ്? സ്വർഗ്ഗരാജ്യത്തിലേക്കുള്ള പാതയിലുടെ സഞ്ചരിക്കുന്ന നീതിമാനായ ഒരുവനെ വരച്ചുകാണിക്കുന്ന ഒരു പ്രസ്താവനയല്ല ഇത്. രക്ഷിക്കപ്പെട്ടവരേയും അല്ലാത്തവരേയും താരതമ്യപ്പെടുത്തി, രക്ഷയുടെ മാർഗ്ഗത്തെ വെളിവാക്കുന്ന ഒരു മാർഗ്ഗത്തെക്കുറിച്ചാണ് ഇവിടെ പ്രസ്താവിച്ചിരിക്കുന്നത്. രക്ഷിക്കപ്പെട്ടവർ

സ്വയം ത്യജിച്ച് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നാൽ അവിശ്വാസികൾ അത്തരം വിശ്വാസത്തെ വെളിപ്പെടുത്തുന്നില്ല.

## സമർപ്പണത്തിനായുള്ള മറ്റൊരു വിളി
## (Another Call to Commitment)

രക്ഷയിലേക്കുള്ള സമർപ്പണത്തിന്ന് വേിയാണ് യേശുവിന്റെ വിളി എന്ന് നമുക്ക് മനസ്സിലാക്കാം.

> അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ., ഞാൻ നിങ്ങളെ ആശ്വസിപ്പിക്കും. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻആകയാൽ എന്റെ നുകം ഏറ്റുകൊ് എന്നോടു പഠിപ്പിൻ, എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കത്തെും (മത്താ 11:28-30).

സുവിശേഷകന്മാർ സാധാരണയായി ഈവചനഭാഗം ഒരു ക്ഷണമായി പറയാറു്. ഈ വചനം രക്ഷയിലേക്കുള്ള ആഹ്വാനമാണ്. അധ്വാനിക്കുന്ന വർക്ക് അശ്വാസം വാഗ്ദത്തം ചെയ്യുകയാണ് യേശു. കായികമായി ക്ഷീണിച്ചവർക്ക് ശാരീരികമായ ആശ്വാസത്തെ വാഗ്ദത്തം ചെയ്യുകയല്ല, അവരുടെ ആത്മാവിൽ ആശ്വാസം വാഗ്ദാനം ചെയ്യുകയാണ്. ഭയം, പാപം, തെറ്റ് ഇത്യാദികളാൽ ഭാരപ്പെട്ട്, ഇവകളാൽ ബന്ധിക്കപ്പെട്ട് ക്ഷീണിതരാകുമ്പോൾ അവർ രക്ഷക്ക് യോഗ്യരായിത്തീരുന്നു.

യേശു വാഗ്ദത്തം ചെയ്യുന്ന ശാന്തി കരസ്ഥമാക്കാൻ ആഗ്രഹിക്കുന്ന ഇക്കൂട്ടർ രു കാര്യങ്ങൾ ചെയ്യേതാണ്. (1) അവർ യേശുവിന്റെ അടുക്കൽ വരണം. (2) അവന്റെ നുകം ഏറ്റു കൊള്ളണം.

യേശുവിന്റെ നുകം ഏറ്റുകൊള്ളുക. ഈ പ്രസ്താവനയെ പലപ്പോഴും തെറ്റായ രീതിയിൽ പഠിപ്പിക്കാറു്. എന്റെ നുകം എന്ന് പറഞ്ഞിരിക്കുന്നതുകൊ്, ചുമലിൽ യേശു വഹിച്ച നുകമാണ് നാം വഹിക്കേതെന്ന് ചിലർ അവകാശപ്പെടുന്നു. ഇരട്ട നുകം, ഒരറ്റം യേശു വഹിച്ചരിക്കുന്നു, മറ്റേവശം ആര് ചുമക്കും. ചുമക്കാൻ യേശു ഒരുവനെ തേടുന്നു. ഇങ്ങനെയാണ് ചിലർ വ്യാഖ്യാനിച്ചിരിക്കുന്നത്. യേശു താൻ ഭാരം എല്ലാം ചുമക്കുന്നു. അതുകൊ് യേശു പറഞ്ഞു: എന്റെ നുകം മൃദുവും എന്റെ ചുമട് ലഘുവുമാണ്. ഇതിലൂടെ ലളിതമായ ഒരുപഠനം യേശു നമ്മെ പഠിപ്പിക്കുന്നു. വിശ്വാസത്തോടു യേശുവിന്റെ നുകം ഏറ്റുകൊള്ളുക, എല്ലാം ഭാരവും അവൻ ചുമന്നു കൊള്ളും നമുക്ക് രക്ഷയും ലഭിക്കും. തന്മൂലം അവനിലൂടെ ലഭ്യമാകുന്ന കൃപയെ അനുഭവിച്ചുകൊള്ളുക! ഈ വ്യാഖ്യാനം ഫലപ്രദമായി പഠിപ്പിക്കപ്പെടുന്നു്.

അധ്വാനിക്കുന്നവരെ, നിങ്ങൾ എന്റെ നുകം ഏറ്റുകൊള്ളുവിൻ എന്നുപറഞ്ഞപ്പോൾ യേശു അർത്ഥമാക്കിയത് - ഒരുവൻ പൂർണ്ണ സമർപ്പണത്തോടെ, യേശുവിനെ ഗുരുവായി അംഗീകരിച്ച്, അവന്റെ എല്ലാ

വഴികളിലും അവനെ നയിക്കുവാനുള്ള പൂർണ്ണ അധികാരം യേശുവിന് നൽകുക എന്നതാണ്. അതുകൊണ്ട് എന്റെ നുകം ഏറ്റുകൊ് എന്നോടു പഠിക്കുവിൻ എന്ന് യേശുപറഞ്ഞത്. രക്ഷിക്കപ്പെടാത്തവർ കാട്ടുകാളയെ പോലെയാണ്. സ്വന്തം വഴികളിൽ നടന്ന് സ്വന്തം ഇഷ്ടം ചെയ്യുന്നവർ. അവർ യേശുവിന്റെ നുകം പേറുമ്പോൾ, നുകത്തിന്റെ നിയന്ത്രണാവകാശം യേശുവിന് നൽകുന്നില്ല. നമ്മിൽ വസിക്കുന്ന യേശുവിന്റെ ആത്മാവ് അവനെ അനുസരിക്കാൻ നമ്മെ ശക്തീകരിക്കുന്നതുകൊണ്ട് അവന്റെ നുകം മൃദുവും അവന്റെ ചുമട് ലഘുവും എന്ന പറയുന്നത്.

യേശു രക്ഷയും, ആശ്വാസവും വാഗ്ദാനം ചെയ്തു. തന്നെ കർത്താവും ദൈവവുമായി സ്വീകരിക്കുവാൻ യേശു ജനത്തെ പഠിപ്പിച്ചു.

## രത്നചുരുക്കം
## (In Summary)

യേശുവിന്റെ കല്പനകൾ പ്രമാണിക്കുന്നവനാണ് യഥാർത്ഥ ശുശ്രൂഷകൻ. പാശ്ചാത്താപം, സമർപ്പണം, ശിഷ്യത്വം ഇതൊന്നും സ്വർഗ്ഗരാജ്യം കരസ്തമാക്കുവാനുള്ള കുറുക്കുവഴികളല്ല. പിന്നെയോ രക്ഷിക്കുന്ന വിശ്വാസത്തിന്റെ ആധികാരികമായ രാജവീഥികളാണ്.

അതുകൊണ്ട് ഒരുത്തമ ശുശ്രൂഷകൻ രക്ഷിക്കപ്പെടാത്തവരോട് തിരുവചന സുവിശേഷം പ്രസ്താപിക്കുന്നത്. പാപം ഏറ്റുപറഞ്ഞ് യേശുവിനെ പിൻപറ്റാൻ അഹ്വാനം ചെയ്യുന്നത്. പൂർണ്ണസമർപ്പണം പൂർണ്ണരക്ഷക്ക് അടിസ്ഥാനമാണ്.